# Deepika

# 19 August 2018

# Kodamangalam, Kuttampuzha, Landslide



കുട്ടമ്പുഴ പഞ്ചായത്തിലെ ഉരുളൻതണ്ണി ക്ണാച്ചേരിയിലുണ്ടായ ഉരുൾ പൊട്ടൽ.

## ഉരുളൻതണ്ണിയിൽ ഉരുൾപ്പൊട്ടി

**കോതമംഗലം:** കുട്ടമ്പുഴ പഞ്ചായത്തിലെ ഉരുളൻതണ്ണി ക്ണാച്ചേരിയിൽ ഉരുൾപ്പൊട്ടിയെങ്കിലും ആളപായമില്ല. വെള്ളിയാഴ്ച വൈകുന്നേരം ആറോടെ ഉണ്ടായ ഉരുൾപ്പൊട്ടലിൽ നാലേക്കർ കൃഷിയിടം ഒലിച്ചുപോയി. കുട്ടമ്പുഴ പുഴയിലേക്കാണ് ഉരുൾ പൊട്ടിയ വെള്ളം എത്തുന്നത്. ഉരുൾപ്പൊട്ടലിൽ കടപുഴകിയ മരം വീണ് കോയിക്കൽ പവിത്രന്റെ വീട് ഭാഗികമായി തകർന്നു. പ്രദേശത്തെ ആളുകളെ സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റി.